## ശ്രീ. കലാമണ്ഡലം രാമൻകുട്ടിനായരുടെ സ്വീകരണഭാഷണം

### *ഞാൻ എന്തെ ഒരു കഥകളി നടനാവാൻ?*

എന്റെ ആത്മകഥയായ തിരനോട്ടത്തിന്റെ ആദ്യവാചകവും ഇതു തന്നെയാണ്. എനിക്ക് കലാപരമായ ഒരു പാരമ്പര്യം അവകാശപ്പെടാനില്ല. തീർത്തും യാദൃശ്ചികമായാണ് ഞാൻ ഒരു കഥകളിനടനായത്. ഒരു നിർദ്ധനനായർ കുടുംബത്തിൽ ജനിച്ച എന്നെ ഒരു കഥകളിനടനാക്കുന്നതിൽ ഏറ്റവും സ്വാധീനിച്ചത് എന്റെ അമ്മയാണ്. അമ്മയുടെ ദാരിദ്ര്യംകാരണം ഒളപ്പമണ്ണമനയിലെ കളിയോഗത്തിൽ പട്ടിക്കാംതൊടി രാവുണ്ണിമേനോനാശാന്റെ ശിക്ഷണത്തിൽ കഥകളി പരിശീലനം ആരംഭിച്ചു. വെള്ളിനേഴിയിലെ കാന്തള്ളൂരമ്പലത്തിൽ അരങ്ങേറ്റം കഴിഞ്ഞ് ആശാൻ കലാമണ്ഡലത്തിൽ അദ്ധ്യാപകനായപ്പോൾ ഞാനും കലാമണ്ഡലത്തിലെ വിദ്യാർത്ഥിയായി ചേർന്നു. നീണ്ട പതിനൊന്നു വർഷക്കാലം ആശാന്റെ കീഴിൽ കഥകളി അഭ്യസിച്ചു. എനിക്ക് രാവുണ്ണിമേനോനാശാനല്ലാതെ മറ്റാരും ഗുരുനാഥന്മാരായി ഇല്ല. എന്റെ ബാല്യം അദ്ദേഹത്തിന്റെ കർശനമായ ശിക്ഷണത്തിലും ശിക്ഷയിലും നിയന്ത്രിക്കപ്പെട്ടിരുന്നു. അക്കാലത്ത് എനിക്ക് കഥകളിയല്ലാതെ മറ്റൊന്നും ഈ പ്രപഞ്ചത്തിൽ ഉള്ളതായി തോന്നിയിട്ടില്ല. ആശാന്റെ കഠിനമായ ശിക്ഷയും ശിക്ഷണരീതിയും പലപ്പോഴും എന്നെ ജീവിതം അവസാനിപ്പിക്കുവാൻ പ്രേരിപ്പിച്ചിരുന്നു. ഒരുപക്ഷേ ഇക്കാലത്തായിരിക്കാം ഇന്നും എന്നിലുള്ള വാശി രൂപപ്പെട്ടത്. നന്നെചെറുപ്പത്തിൽ തന്നെ കലാമണ്ഡലത്തിലെ അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. മഹാകവി വള്ളത്തോളിന്റെ പ്രിയനടനായി കലാമണ്ഡലത്തിൽ ഞാൻ എന്റെ കലാസപര്യക്ക് തുടക്കമിട്ടു. ഏതാണ്ട് 48 കൊല്ലക്കാലം കലാമണ്ഡത്തിലെ അന്തേവാസിയായിരുന്നു. കഥകളിയുടെ വളർച്ചയും കലാമണ്ഡലത്തിന്റെ വളർച്ചയും എന്റെ വളർച്ചയും ഒരേസമയത്തായിരുന്നു. അനേകം ശിഷ്യന്മാരെ അവരുടെ കഴിവനുസരിച്ച് വാർത്തെടുക്കുവാൻ എനിക്കു കഴിഞ്ഞു എന്നുള്ളതിൽ ഞാൻ സംതൃപ്തനാണ്.

ബഹുമതികൾ ഓരോന്നും എന്നെത്തേടിയെത്തുമ്പോൾ ഞാൻ തിരിഞ്ഞു നോക്കി, എന്റെ ബാല്യം, അമ്മയും സഹോദരിയും സഹോദരനും ഉൾപ്പെടുന്ന നിർദ്ധനമായ എന്റെ കുടുംബം. ഈ കാലയളവിൽ ചെറുതും വലുതുമായി 33 അവാർഡുകൾ എനിക്കു ലഭിച്ചിട്ടുണ്ട്. ഇന്ത്യൻ പ്രസിഡന്റിന്റെ കൈയിൽ നിന്നും 3 അവാർഡുകൾ ലഭിക്കുക എന്നത് കഥകളിയിൽ എനിക്കു മാത്രം അവകാശപ്പെട്ടതാണെന്നു തോന്നുന്നു. അവാർഡുകളെ എന്നും ആർത്തിയോടെ ഞാൻ നോക്കിക്കണ്ടിട്ടില്ല. എന്നെ

തേടിയെത്തുന്ന അവാർഡുകളോട് എനിക്കെന്നും നിസ്സംഗഭാവമാണ്. സത്യസന്ധമായ സമീപനം താനുപാസിക്കുന്ന കലയോട് ഉണ്ടെങ്കിൽ തീർച്ചയായും അവാർഡുകളും അംഗീകാരങ്ങളും കലാകാരൻമാരെ തേടിയെത്തും. ഭാരതം പരമോന്നത ബഹുമതിയായ പത്മഭൂഷൻ നൽകി എന്നെ ആദരിച്ചപ്പോൾ ഞാൻ രാഷ്ട്രപതിഭവനിൽ ഇന്ത്യൻ പ്രസിഡന്റിന്റെ മുന്നിൽ നിറഞ്ഞ മനസ്സോടെ, നിവർന്ന ശിരസ്സോടെ, മനസ്സിൽ പലവട്ടം ആശാനെനമിച്ചുകൊണ്ട് ആ പുരസ്കാരം ഏറ്റുവാങ്ങി. എന്നെ ഞാനാക്കി മാറ്റിയ എന്നും ആശാന്റെ പാദങ്ങൾ പിന്തുടരുന്ന എനിക്ക് രാജ്യം നൽകിയ പത്മഭൂഷൺ പുരസ്കാരം നമ്രശിരസ്കരനായി അദ്ദേഹത്തിന്റെ പാദാരവിന്ദങ്ങളിൽ സമർപ്പിക്കുന്നു.

കൊച്ചി സർവ്വകലാശാല എനിക്ക് ഡി.ലിറ്റ് ബിരുദം നൽകുന്നു എന്നറിഞ്ഞതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. പത്രമാദ്ധ്യമങ്ങളിൽ ഈ വാർത്ത വന്ന സമയത്ത് എന്റെ ഒരു പേരക്കുട്ടി എന്നോടു ചോദിച്ചു മുത്തശ്ശൻ ഇനി എന്തു മരുന്നാണ് കുറിക്കുക? സന്തോഷം കൊണ്ട് എന്റെ കണ്ണുകൾ നിറഞ്ഞു. മരുന്നു കുറിക്കാനറിയില്ലെങ്കിലും മുത്തശ്ശൻ ഇന്നു ഒരു ഡോക്ടറായിരിക്കുന്നു. അഞ്ചാം ക്ലാസ്സുവരെ മാത്രം വിദ്യാഭ്യാസം ലഭിച്ച എന്റെ പേരിനു മുന്നിൽ ഡോക്ടർ എന്ന് എഴുതിക്കാണാൻ സാധിച്ചതിൽ വളരെയധികം സന്തോഷമുണ്ട്. ഒരു ശരാശരി മാതാവ് ചിന്തിക്കുന്നതുപോലെ എന്റെ അമ്മയും ചിന്തിച്ചിട്ടുണ്ടായിരിക്കാം, എന്നെ ഒരു ഡോക്ടറാക്കണമെന്നോ എഞ്ചിനീയറാക്കണമെന്നോ! അമ്മ എന്നെ വിട്ടുപിരിഞ്ഞ് കാലം ഏറെ ആയിരിക്കുന്നു. അദൃശ്യമായി നിൽക്കുന്ന അമ്മയുടെ ആത്മാവിനോട് ഞാൻ പറയുന്നു അമ്മേ, അമ്മയുടെ ആഗ്രഹപ്രകാരം ഞാനിന്നൊരു ഡോക്ടറായിരിക്കുന്നു. ശൂന്യതയിലേക്കു നോക്കിക്കൊണ്ട് അദൃശ്യമായ ആത്മാവിനോട് എനിക്കു പറയാം എന്നല്ലാതെ ഗുരുനാഥനും അമ്മയും എവിടെ?

കഥകളിയിൽ എനിക്ക് അനേകം ശിഷ്യന്മാരുണ്ട്. ഗുരുസ്ഥാനത്ത് നന്നെ ചെറുപ്പം മുതൽക്കുതന്നെ ഞാൻ എത്തിച്ചേർന്നിട്ടുണ്ട്. ശിഷ്യന്മാരുടെ ഗുണവും ദോഷവും എനിക്കു നന്നായി അറിയാം. എന്റെ മുന്നിൽ ശിഷ്യന്മാരെല്ലാം ഒരുപോലെയാണ്. ഒരാളെയും അമിതമായി എന്നിലേക്കടുപ്പിക്കുകയോ അകറ്റുകയോ ചെയ്തിട്ടില്ല. അവരോടെനിക്കു പറയാനുള്ളത് കഠിനമായ പ്രയത്നത്തിലൂടെ ഞാൻ നേടിയെടുത്ത ഈ ബഹുമതികൾ നിങ്ങൾക്കും അർഹതപ്പെട്ടതാണ്. രാമൻകുട്ടനായരാശാനുശേഷവും കാലവും കഥകളിയും നിലനിൽക്കും. കാലത്തിന്റെ മഹാപ്രവാഹത്തിൽ കഥകളിയുടെ സ്വത്വം നഷ്ടപ്പെടരുത് എന്നാണ് എനിക്കു നിങ്ങ

ളോട് പറയുവാനുള്ളത്. ഈ ബിരുദം സ്വീകരിക്കുന്ന വേളയിൽ എനിക്കു ഊർജ്ജം തന്ന ഇന്നെന്നോടൊപ്പം ഇല്ലാത്ത കൃഷ്ണൻ കുട്ടിപ്പൊതുവാളെയും അപ്പുക്കുട്ടിപ്പൊതുവാളെയും ഞാനോർക്കുന്നു. ഓർമ്മകൾ ഈ പ്രായത്തിൽ അവ്യക്തമാണെങ്കിലും കേരളത്തിന്റെ കളിയരങ്ങുകളിൽ കുട്ടിത്രയം എന്ന പേരിൽ ഞങ്ങൾ നടത്തിയ ജൈത്രയാത്ര ഓർമ്മയിൽ തെളിയുന്നു. നഷ്ടബോധം തീരെയില്ല. ആശാൻ എന്നെ ഏൽപ്പിച്ച ചുമതല വളരെ സത്യസന്ധമായി ഞാൻ നിർവ്വഹിച്ചു എന്നതിൽ സംതൃപ്തനാണ്. ഈ ബിരുദം എനിക്കു നൽകിയ കൊച്ചി സർവ്വകലാശാലയോടും മറ്റുബന്ധപ്പെട്ടവരോടും എന്റെ ഹൃദയം നിറഞ്ഞ നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

എന്ന്

കലാമണ്ഡലം രാമൻകുട്ടിനായർ



Cusat Digital Library Service http://dspace.cusat.ac.in/